ളിൽ സാനിറ്ററി, ഇലക്ട്രിസിറ്റി വിംഗുകൾ കാര്യമായി പ്രവർത്തിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ വർഷം പുതുതായി ബൾബുകൾ, ട്യൂബുലൈറ്റുകൾ തുടങ്ങിയവ വാങ്ങുവാൻ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ഈ ആശുപത്രിക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ പേ വാർഡുകളിലേയ്ക്കു ആവശ്യമായ വൈദ്യുത ഉപകരണങ്ങളും മറ്റു സാധനങ്ങളും മൊത്തമായാണ് വാങ്ങുന്നത്. ആശുപത്രിയിലേക്ക് പ്രത്യേകമായി തുക അനുവദിക്കാറില്ല.

സൊസൈറ്റീസ് ഓഫ് റേഡിയോഗ്രാഫേഴ്സ് എന്ന സംഘടന

144 (802)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൊസൈറ്റീസ് ഓഫ് റേഡിയോഗ്രാഫേഴ്സ് എന്ന സംഘടന സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആതുര ശുശ്രൂഷ രംഗത്ത് ഇവരുടെ പ്രവർത്തനങ്ങളും സംഭാവനകളും എന്തൊക്കെയാണെന്നും ഇതിന്റെ ഭാരവാഹികൾ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിനകത്ത് 10 സെന്റ് ഭൂമി സൗജന്യമായി അനുവദിക്കണമെന്ന് ഈ സംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർ സൗജന്യമായി ഭൂമി ആവശ്യപ്പെട്ടിരിക്കുന്നത് എന്താവശ്യത്തിനാണെന്ന് വ്യക്തമാക്കുമോ; ഇതിന്മേൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആതുര ശുശ്രൂഷ രംഗത്തെ ആദ്യ സംരംഭം എന്ന നിലയിൽ ചില പദ്ധതികൾ സൊസൈറ്റി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ ഭാരവാഹികൾ ചെയർമാൻ - ജെ. നാരായണൻ നായർ, വൈസ് ചെയർമാൻ - രാജേഷ് കേശവൻ, ജനറൽ സെക്രട്ടറി - ഷഹാബ്ദീൻ

(സി) പഴയ റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റ് വാർഡിന്റെ കെട്ടിടം, സ്ഥല സൗകര്യങ്ങൾ അല്ലെങ്കിൽ റേഡിയോളജിയുമായി ബന്ധപ്പെട്ട ഭാഗത്ത് കെട്ടിടം നിർമ്മിച്ചു സ്കാനർ സ്ഥാപിക്കുന്നതിലേക്കായി 10 സെന്റ് സ്ഥലം അനുവദിക്കുന്നത് പരിഗണിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവർ ഭൂമി ആവശ്യപ്പെട്ടിരിക്കുന്ന എം.ആർ.ഐ. സ്കാൻ സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. സർക്കാർ ഇതിന്മേൽ യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല.

സംസ്ഥാനത്ത് ഓക്സിജൻ പാർലറുകൾ

145 (803)ശ്രീ. കെ. ബാബു :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഓക്സിജൻ പാർലറുകൾ പ്രവർത്തിക്കുന്നു;

(ബി) ഇവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(സി) ഇവയ്ക്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) തുടർച്ചയായി മെഡിക്കൽ ഓക്സിജൻ ശ്വസിക്കുന്നതു മൂലം എന്തെങ്കിലും രോഗം ഉണ്ടാകാനുള്ള സാദ്ധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) ഓക്സിജൻ പാർലറുകൾ എന്ന പേരിൽ സംസ്ഥാനത്ത് ഗവൺമെന്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്. ഓക്സിജൻ ടോക്സിറ്റി എന്ന രോഗം ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്

146 (804)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോഴ്സ് നിർത്തലാക്കിയിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിനായി ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായി നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(എഫ്) ഈ കോഴ്സ് നിർത്താലാക്കുമ്പോൾ ക്ലാസ് 4- വിഭാഗത്തിൽപ്പെടുന്ന ഏതെങ്കിലും കാറ്റഗറിയിലെ ജീവനക്കാരുടെ പ്രൊമോഷൻ തടയപ്പെടാൻ സാദ്ധ്യതയുണ്ടോ;

(ജി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly